കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല-കാലടി ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2689/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 25-9-2012.

**പരാമർശം :-**
1. കാലടി ഗ്രാമപഞ്ചായത്തിന്റെ 13-12-11-ലെ 10-ാം നമ്പർ തീരുമാനം.
2. കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25-1-12 ലെ A2.12185/2011 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 5-9-12 ലെ സി2-6409/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാലടിയിലെത്തുന്ന ടൂറിസ്റ്റുകൾക്ക് സഹായം നൽകുന്നതിനുവേണ്ടിയുള്ള പോലീസ് വകുപ്പിന്റെ 'ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് ' സെന്റർ സ്ഥാപിക്കുന്നതിന് കാലടി ശ്രീശങ്കര സ്തൂപത്തിന് സമീപമുള്ള ആറ് സെന്റ് സ്ഥലം, അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി, പോലീസ് വകുപ്പിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം കാലടി ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തു. സെന്റർ നിർമ്മിക്കുന്നതിനായി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറേണ്ടതില്ല എന്നതിനാലും അവിടെ നിർമ്മിക്കുന്ന കെട്ടിടത്തിന് മുകളിൽ പഞ്ചായത്തിന് മുറികൾ നിർമ്മിച്ച് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുമെന്നതിനാലും ടൂറിസ്റ്റുകൾ ഉൾപ്പെടെ വളരെയധികം പേർക്ക് ടി സെന്ററിന്റെ പ്രയോജനം ലഭിക്കുമെന്നതിനാലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനു നിലനിർത്തി സെന്ററിനാവശ്യമായ കെട്ടിടം നിർമ്മിക്കാൻ അനുവാദം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കാലടി ശ്രീശങ്കര സ്തൂപത്തിന് സമീപമുള്ള ആറ് സെന്റ് സ്ഥലത്ത്, അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി, ടൂറിസ്റ്റുകളുടെ സഹായത്തിനുവേണ്ടിയുള്ള ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന് അനുവാദം നൽകുന്നതിന് കാലടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, കാലടി പി.ഒ-683574
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.